# തൂലിക

Newsletter of
Jesus Youth
Dubai

Issue 524
27 April 2018
www.thoolikaa.net



**പരിശുദ്ധാത്മാവ്;**
***സഹായകനും ശക്തിദായകനും***

***സ്നേഹപിതാവിന്***
***ആദരാഞ്ജലികൾ***

''ദൈവത്തിൻെറ ആത്മാവ് യഥാർഥമായി നിങ്ങളിൽ വസിക്കുന്നെങ്കിൽ നിങ്ങൾ ജഡികരല്ല, ആത്മീയരാണ്. ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ ക്രിസ്തുവിനുള്ളവനല്ല.''

റോമ. 8:9

ലക്കം 524
2018 ഏപ്രിൽ 27

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net



ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| നുറുങ്ങുചിന്ത | 07 |
| യൂകാറ്റ് കോർണർ | 08 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 08 |
| വാർത്ത | 09 |
| അറിയിപ്പുകൾ | 10 |
| നിങ്ങൾക്കറിയാമോ ? | 11 |


## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | നിഷ 056 4897592<br>ശനി 8:30 pm 9:30 pm |
| ബർദുബായ് | റോബിൻ 050 9528192<br>ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | ആൻസി 052 7539188<br>ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090<br>ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | ജസ്റ്റിൻ 055 799 5582<br>ശനി 8:30 pm 10:00 pm |
| സോനാപൂർ | ഫ്രാൻസിസ് 055 2631672<br>ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഡയസ് 052 3059131<br>ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | ലിജോ കുരുവിള 050 9414120<br>തിങ്കൾ 8:30 pm 09:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170<br>ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102<br>ഞായർ 8:30 pm 9:45 pm |
| സത്‌വ | തോമസ് 050 8761385<br>ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | ബിനീഷ് 055 7484850<br>ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | ഷോൺ 055 7135314<br>ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ ഒയാസിസ് | ജോർമ്മി 052 9783044<br>വ്യാഴം 10:00 pm 11:00 pm |

### മൊഴിമുത്തുകൾ

"ദൈവമുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞതിനു ശേഷം അവിടത്തേക്കു വേണ്ടി മാത്രമായി ജീവിക്കാതിരിക്കാൻ എനിക്കു സാധ്യമല്ലായിരുന്നു."
വാഴ്ത്തപ്പെട്ട ചാൾസ് ദെ ഫോക്കോൾഡ്



# പവ്വർഫുൾ പരിശുദ്ധാത്മാവ്

അറുപിശുക്കനാണ് സ്കറിയ ചേട്ടൻ, കാശു ചിലവാകുമല്ലോ എന്ന് ഓർത്ത് കല്ല്യാണം പോലും കഴിച്ചിട്ടില്ല. സ്ഥലക്കച്ചവടമാണ് തൊഴിൽ. പേരുകൊണ്ടുമാത്രം ക്രിസ്ത്യാനിയായ സ്കറിയ ചേട്ടന് ആളുകളെ പറഞ്ഞ് പറ്റിക്കുന്ന കാര്യത്തിൽ പ്രത്യേക കഴിവാണ്. മാതാപിതാക്കൾ എടുത്തുകൊണ്ട് പള്ളിയിൽ പോയതല്ലാതെ സ്വന്തമായി നടന്ന് പള്ളിയിൽ പോയിട്ടില്ല. പിന്നെ ജന്മനാ പാമ്പിനെ പേടിയുള്ളതുകൊണ്ടുമാത്രം കവലയിലുള്ള കപ്പേളയിലെ ഗീവർഗ്ഗീസ് പുണ്യാളനുമായി ലേശം ചങ്ങാത്തം. അതുവഴി പോകുമ്പോൾ ചില്ലറയുണ്ടെങ്കിൽ നേർച്ചയിടും. അതിനും സ്കറിയചേട്ടൻ പുണ്യാളനോട് കണക്ക് പറയും. ഒരിക്കൽ നാട്ടിലുണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ സ്കറിയ ചേട്ടന്റെ ബിസിനസ്സ് ആകെ താറുമാറായി. സ്ഥലം വാങ്ങാൻ ആളില്ലാത്ത അവസ്ഥ. കപ്പേളയിൽപോക്ക് സ്കറിയച്ചേട്ടൻ സ്ഥിരമാക്കിത്തുടങ്ങി. നേർച്ചയിട്ട കണക്ക് പറഞ്ഞ് ഭീഷണിപ്പെടുത്തി വരെ പ്രാർത്ഥിച്ചു. ഒരു രക്ഷയുമില്ല, സാമ്പത്തിക പ്രതിസന്ധി കൂടിക്കൂടി വന്നു. അങ്ങനെ ഒരു ദിവസം കപ്പേളയിലെ കുർബാന പ്രസംഗത്തിനിടെ അച്ചൻ പരിശുദ്ധാത്മാവിന്റെ ശക്തിയെ കുറിച്ച് പറയുന്നത് സ്കറിയചേട്ടൻ കേൾക്കാനിടയായി. അന്നു മുതൽ ഗീവർഗ്ഗീസ് പുണ്യാളനെ വിട്ട് പരിശുദ്ധാത്മാവിനോടായി പ്രാർത്ഥന. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ സാമ്പത്തിക പ്രതിസന്ധിക്ക് അയവു വന്നു. രണ്ടുമൂന്നു സ്ഥലങ്ങൾ വിറ്റുപോയി. അതിനുശേഷം അയാൾ കപ്പേളയിൽ പോയി ഗീവർഗ്ഗീസ് പുണ്യാളനോട് പ്രാർത്ഥിച്ചു, "എന്റെ പുണ്യാളാ.. പരിശുദ്ധാത്മാവിനെ മുൻപേ പരിചയപ്പെടേണ്ടതായിരുന്നു, പരിശുദ്ധാത്മാവിന് ഭയങ്കര പവ്വറാ... പുണ്യാളൻ ഒന്ന് ഉഷാറായില്ലെങ്കിൽ പാമ്പിന്റെ കാര്യം കൂടെ ഞാൻ പരിശുദ്ധാത്മാവിനെ ഏൽപിക്കും, നേർച്ചയിടലും നിർത്തും.."

പ്രിയപ്പെട്ടവരേ, പരിശുദ്ധാതമാവിനെ പറ്റിയും അവിടുത്തെ ശക്തിയെപ്പറ്റിയും പലർക്കും പല അബദ്ധ ധാരണകളും ഉണ്ട്. ആരാണ് പരിശുദ്ധാത്മാവ് ? ത്രിത്വത്തിൽ മൂന്നാമൻ, പ്രപഞ്ച സൃഷ്ടിയിൽ ജലത്തിനു മീതെ ചലിച്ചുകൊണ്ടിരുന്ന ദൈവീക ചൈതന്യം, ഈശോ നമുക്ക് വാഗ്ദാനം ചെയ്ത സഹായകൻ, പന്തക്കുസ്താ ദിനത്തിൽ ശിഷ്യന്മാരുടെ ശരീരത്തിൽ ഇറങ്ങിവന്ന അഗ്നി. "ക്രിസ്തുവിനെ നമുക്ക് വെളിപ്പെടുത്തിത്തരുന്ന സത്യത്തിന്റെ ആത്മാവ് സ്വമേധയാ സംസാരിക്കുകയില്ല, യഥാർത്ഥത്തിൽ ദിവ്യമായ ഈ മറഞ്ഞിരിക്കൽ അവിടുത്തെ സ്വീകരിക്കാൻ ലോകത്തിന് കഴിയാത്തത് അത് അവിടുത്തെ കാണുകയോ അറിയുകയോ ചെയ്യാത്തതുകൊണ്ടാണെന്ന് സഭ പഠിപ്പിക്കുന്നു." (CCC687) യേശുവാണ് അഭിഷക്തൻ എന്തെന്നാൽ ആത്മാവ് അവിടുത്തെ അഭിഷേകമാണ്. മാമ്മോദീസായിലൂടെ നമുക്ക് നൽകപ്പെട്ട്, സ്ഥൈര്യലേപനത്തിലൂടെ ജ്വലിപ്പിക്കപ്പെട്ട പരിശുദ്ധാത്മാവിന്റെ അഭിഷേകം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ..

സ്നേഹപൂർവ്വം
ജോബിൻ അഗസ്റ്റിൻ
എഡിറ്റർ

# പരിശുദ്ധാത്മാവ് ; സഹായകനും ശക്തിദായകനും



പരിശുദ്ധാത്മാവിനെ കുറിച്ച് പ്രത്യേകമായി ധ്യാനിക്കുന്ന അവസരമാണ് പന്തക്കുസ്താദിനം. തീനാളങ്ങളുടെ രൂപത്തിൽ ശിഷ്യന്മാരുടെമേൽ വന്ന പരിശുദ്ധാത്മാവിനെ കുറിച്ച് ധ്യാനിക്കുമ്പോൾ നമുക്ക് പഴയനിയമത്തിലെ മോശയെ ഒന്നു കാണാം. അമ്മായിഅപ്പന്റെ ആടുകളെ മേയിച്ച്കൊണ്ട് മരുഭൂമിയിലൂടെ നടന്നുനീങ്ങുന്ന മോശയെ. മുൾപ്പടർപ്പിലെ അണയാത്ത തീനാളങ്ങളാണ് മോശയെ അവിടേക്ക് ആകർഷിച്ചത്. ഇവിടെ മോശയുടെ ശ്രദ്ധയെ ആകർഷിച്ച രണ്ട് കാര്യങ്ങളാണ് മുൾപ്പടർപ്പും അതിനെ ചാമ്പലാക്കാതെ കത്തിക്കൊണ്ടു നിൽക്കുന്ന തീനാളവും.ദൈവം അങ്ങനെയാണ്. എളിയവരെ തനിക്കായി തിരഞ്ഞെടുക്കുകയും അവരെ ശക്തരാക്കുകയും ചെയ്യും. ഇവിടെ എളിയവനായ മോശയെ തിരഞ്ഞെടുക്കാൻ ദൈവം ഉപയോഗിച്ചത് എല്ലാവരാലും അവഗണിക്കപ്പെടുകയും തിരസ്ക്കരിക്കപ്പെടുകയും ചെയ്ത മുൾപ്പടർപ്പാണ്. ദൈവം അഗ്നിയിറക്കിയത് ഒലിവു മരത്തിലോ കരുവേലകത്തിലോ അല്ല, മറ്റുള്ളവരാൽ തള്ളിമാറ്റപ്പെട്ടിരുന്ന മുൾപ്പടർപ്പിലാണെന്നത് നമ്മുടെ ജീവിതത്തിൽ പ്രത്യാശയുടെ പുതുനാമ്പുകൾ മുളപ്പിക്കുന്നു. ഒരു വലിയ പ്രവാചകനോ സ്ഥാനമാനങ്ങളൊന്നുമോ ഇല്ലാത്ത വ്യക്തിയാണെങ്കിലും ഈ മുൾപ്പടർപ്പിലേക്ക് അങ്ങയുടെ അഗ്നി അയക്കണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാനാകും.

സമാനമായ ഒരു വീക്ഷണകോണിൽ പന്തകുസ്താ ദിനത്തെ നമുക്ക് കാണാം. സമൂഹത്തിന്റെ താഴേത്തട്ടിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ ഇരുന്നവർ, ലോകരക്ഷകന്റെ കൂടെയായിരിക്കുവാൻ ഭാഗ്യമുണ്ടായിട്ടും ദൈവീകഭാവം തിരിച്ചറിയാൻ കഴിയാതിരുന്നതുകൊണ്ടായിരിക്കാം ഒരുപക്ഷേ, യേശുവിനെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചത്. “ഞാൻ പോകുന്നതാണ് നിങ്ങൾക്ക് നല്ലത്. ഞാൻ പോകുമ്പോൾ നിങ്ങൾക്കായി ഒരു സഹായകനെ ഞാൻ നിങ്ങൾക്ക് തരും” എന്ന്.

രോഗബാധിതനായ ഒരു വ്യക്തി രോഗത്തിനുള്ള മരുന്ന് കൂടെ കൊണ്ടുനടക്കുന്നത് കൊണ്ട് അയാളുടെ രോഗം മാറുകയില്ല, അത് ആ വ്യക്തി ഭക്ഷിക്കുകയും, അങ്ങിനെ ശരീരത്തിൽ പ്രവേശിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ രോഗം ശമിക്കുകയും ആ വ്യക്തിക്ക് ആരോഗ്യം ലഭിക്കുകയും ചെയ്യുകയുള്ളൂ. ശിഷ്യന്മാരുടെ കൂടെ നടന്നിട്ടും തിരിച്ചറിയാതിരുന്ന ശിഷ്യന്മാരുടെ ഉള്ളിലേക്ക് പ്രവേശിച്ച് അവരുടെ നിയന്ത്രണം ഏറ്റെടുക്കാൻ സാധിക്കുന്ന പരിശുദ്ധാത്മാവിനെ അയച്ചുകൊടുത്തത്, യേശുവിന്റെ ജനനവും പരസ്യജീവിതവും മരണവും ഉത്ഥാനവുമെല്ലാം ദൈവരാജ്യം സ്ഥാപിക്കുന്നതിനു വേണ്ടിയാണ്. ദൈവരാജ്യത്തിന്റെ വളർച്ച ഉണ്ടായത് പരിശുദ്ധാത്മാവിന്റെ

പ്രവർത്തിയിലാണ്. പരിശുദ്ധാത്മാവ് നിറഞ്ഞ വ്യക്തികളെ നാം പറയുന്നത് തീ പിടിച്ച ആത്മാക്കൾ എന്നാണ്. തീയ്ക്കുള്ള മറ്റൊരു പ്രത്യേകത ഏതു കരിക്കട്ടയേയും ജ്വലിക്കുന്ന തീക്കട്ടയാക്കി മാറ്റാം എന്നതാണ്. നാം എത്ര വലിയ കരിക്കട്ട ആയിക്കൊള്ളട്ടെ അതൊരു തീക്കട്ടയായി മാറാൻ നിമിഷനേരം മതി. അഗ്നിയാകുന്ന പരിശുദ്ധാത്മാവ് നമ്മിൽ നിറഞ്ഞാൽ മതി. ഒരു കാലത്ത് കരിക്കട്ടയായിരുന്ന വെറും മുൾപ്പടർപ്പായിരുന്ന എത്രയോപേരാണ് വിശുദ്ധഗണത്തിലേക്ക് കാലെടുത്ത് വച്ചത്. അതിലുമെത്രയോപേർ തീക്കട്ടകളായി ജ്വലിക്കുന്ന ആത്മാക്കളായി ലോകമെങ്ങും ദൈവരാജ്യം പ്രഘോഷിക്കുന്നത്. എണ്ണിയാലൊടുങ്ങാത്ത അത്തരം ആത്മാക്കളെക്കൊണ്ട് സമൃദ്ധമാണ് കത്തോലിക്കസഭ.

നമ്മുടെ ജീവിതത്തിൽ നാം പരിശുദ്ധാത്മാവിനെ പലപ്പോഴും അവഗണിക്കാറാണു പതിവ്. യേശുവിന്റെ ശരീരം സ്വീകരിക്കാൻ സാധിക്കുന്നതിനു മുൻപേ തന്നെ പരിശുദ്ധാത്മാവിനെ നമുക്ക് തരുന്നതാണ് നമ്മുടെ സഭയുടെ പാരമ്പര്യം. മറിയത്തിന്റെ അഭിവാദനസ്വരം കേട്ടപ്പോൾത്തന്നെ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി. പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഗർഭസ്ഥ ശിശുവിനെപ്പോലും സ്വാധീനിച്ചിരിക്കുന്നു. മാമ്മോദീസായിലൂടെ നമുക്ക് ലഭിച്ച പരിശുദ്ധാത്മാവ് നമ്മുടെ ഒരു വാക്കിനായി കാത്തിരിക്കുകയാവാം. നാം സംസാരിക്കണം പരിശുദ്ധാത്മാവിനോട്. വിട്ടുകൊടുക്കണം നമ്മുടെ ജീവിതത്തെ പൂർണ്ണമായി. പരിശുദ്ധാത്മാവ് നമ്മുടെ നിയന്ത്രണം ഏറ്റെടുക്കുന്നതിന്റെ സൂചനയാണ് ഭാഷാവരത്തിൽ സ്തുതിക്കുന്നതും അവിടുത്തെ ദാനങ്ങൾ നമ്മിലേക്ക് ഒഴുകുന്നതും. അത് ദർശനവരമായും, പ്രവചനവരമായും, രോഗശാന്തിശുശ്രൂഷ വരമായും നമ്മിൽ പ്രതിഫലിക്കാറുണ്ട്. ഒരു ബലൂണിൽ ഹൈഡ്രജൻ വാതകം നിറയ്ക്കുമ്പോൾ ആ ബലൂൺ ഹൈഡ്രജൻ വാതകത്തിന്റെ പ്രത്യേകതയാൽ ഉയർന്നു പൊങ്ങുന്ന പോലെ നമ്മെ പൂർണ്ണമായും പരിശുദ്ധാത്മാവിന് വിട്ടുകൊടുക്കുക. പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവരാകുക.

പരിശുദ്ധാത്മാവിനെ സ്വീകരിച്ച് തന്നെത്തന്നെ വിട്ടുകൊടുത്ത വ്യക്തികൾക്കെല്ലാം ഒരു വലിയ മാറ്റം ഉണ്ടാകുന്നു. പഴയ വഴിയിൽ നിന്നും വിട്ടകന്ന് അവർ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു. കുറവുകൾ നിറവുകളായി മാറുന്നു. വിക്കനായിരുന്ന മോശയെ നേതാവാക്കിയതു പോലെ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു. പന്തകുസ്താദിനത്തിനു ശേഷം ശിഷ്യന്മാർ അവരുടെ പഴയ വഴികളിൽ നിന്നും പിന്തിരിഞ്ഞ് തങ്ങൾ കണ്ടതും കേട്ടതുമായ കാര്യങ്ങൾ പ്രസംഗിക്കാൻ ഇറങ്ങിയതും അവരിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ചതിനാലാണ്.

നിത്യത ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയിൽ സഹായകനായ പരിശുദ്ധാത്മാവിന്റെ അഗ്നി ഇന്ധനമാണ്. ഒരിക്കലും തീരാത്ത ഒരിക്കലും കുറവ് വരാത്ത ഇന്ധനം. പിതാവായ ദൈവം നമുക്ക് തന്ന ആ ഇന്ധനത്തിന്റെ ശക്തിയിൽ കുതിച്ചുയരാം. ഒരിക്കലും നിന്നിടത്ത് നിൽക്കേണ്ടവരല്ല നാം. ഉയരണം, ലക്ഷ്യപ്രാപ്തിയിലേക്കുള്ള യാത്രക്കായി കുതിച്ചുയരണം. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സ്വീകരിച്ച് ഫലങ്ങൾ പുറപ്പെടുവിച്ച് യാത്രയാകണം. ഒരു പൂവിന്റെ സൗരഭ്യം അതിന്റെ അന്തസത്തയെ വെളിവാക്കുന്നത് പോലെ നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ സൗരഭ്യം നമ്മിൽ പൂരിതമാകണം.

### സെർവെന്റ് ഓഫ് സേക്രട്ട്ഹാർട്ട്

# വി. കാതറീനാ വൊൾപിസെല്ലി



1839 ജനുവരി 21 ന് ഒരു നിയോപോലിറ്റൻ കുടുംബത്തിലാണ് കാതറീനാ ജനിച്ചത്. മാനുഷികവും മതപരവുമായ ഉറച്ചരൂപീകരണം കുടുംബത്തിൽ നിന്നു തന്നെ അവൾക്കു ലഭിച്ചു. സാഹിത്യവും ഭാഷകളും സംഗീതവും സെന്റ് മർസെല്ലീനോയിലേ റോയൽ എഡുക്കേഷൻ ഇൻസ്റ്റിറ്റൂട്ടിൽ നിന്ന് അവൾ പഠിച്ചു. ദരിദ്രരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും അപ്പസ്തോലരുടെ നിരയിലാണ് അവളുടെ സ്ഥാനം. 19 ാം നൂറ്റാണ്ടിലേ നേപ്പിൾസിൽ നല്ല സമറിയാക്കാരനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ ഒരടയാളമായി അവൾ നിലകൊള്ളുന്നു.

അതേസമയം സമൂഹത്തിൽ തിളങ്ങാനുള്ള മോഹം നിമിത്തം മിക്കപ്പോഴും തീയേറ്ററുകളിലും ബാലേ പരിപാടികളിലും പോകാൻ അവൾ താൽപര്യപ്പെട്ടു. എന്നാൽ, ആത്മീയ ചൈതന്യം നിറഞ്ഞ ആദ്ധ്യാത്മിക നിയന്താക്കളുടെ സ്വരത്തിലൂടെ ദൈവീക പദ്ധതി അവൾക്കുവെളിപ്പെടുത്തി കൊടുത്ത കർത്താവിന്റെ ആത്മാവിനാൽ പ്രേരിതയായി പ്രൗഢിയും വർണ്ണശോഭയും കലർന്ന ജീവിതത്തിന്റെ താൽക്കാലിക സന്തോഷങ്ങൾ അവൾ പെട്ടെന്ന് ഉപേക്ഷിച്ചു. പൂർണ്ണതയുടെയും വിശുദ്ധിയുടെയും ഉദാരപൂർണ്ണമായ തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ വേണ്ടിയായിരുന്നു അത്.

കുമ്പസാരക്കാരനായ ബർണ്ണബൈറ്റ് പുരോഹിതൻ ലിയോ നാർദോമത്തേരായുടെ ഉപദേശപ്രകാരം 1859 മെയ് 28 ാം തിയതി കാതറീനാ പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ നിത്യാരാധകരുടെ സമൂഹത്തിൽ ചേർന്നു. പക്ഷേ, ആരോഗ്യപ്രശ്നങ്ങൾ നിമിത്തം പിന്തിരിയേണ്ടി വന്നു.

ഈശോയോടുള്ള സ്നേഹം ഹൃദയങ്ങളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും പുനരുദ്ധരിക്കാൻ വേണ്ടി അപ്പസ്തോലിക പ്രവർത്തനങ്ങളിലേർപ്പെടാൻ കാതറീനാ ചിന്തിച്ചു തുടങ്ങി. സഹപ്രവർത്തകരോടുചേർന്ന് 1874 ജൂലൈ 1 ാം തിയതി സെർവെന്റ്സ് ഓഫ് സേക്രട്ട്ഹാർട്ടിന്റെ പുതിയ സഭ കാതറീനാ സ്ഥാപിച്ചു. നേപ്പിൾസിലെ കർദ്ദിനാളിന്റെയും പിന്നീട് ലിയോ 13 ാമൻ മാർപ്പാപ്പയുടെയും ആശീസ് സഭയ്ക്കു ലഭിച്ചു.

തുടർച്ച... പേജ് 8

# ഉപ്പോളം വരുമോ ഉപ്പിലിട്ടത് ?

അല്ല, ഇതിപ്പോ എന്താ സംഭവം!!! കുറച്ചു നാളായി എവിടെ നോക്കിയാലും പിറന്നാളാഘോഷവും, കേക്ക് മുറിക്കലും സാമൂഹ്യ മാധ്യമങ്ങളിൽ മുഴുവനും ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യലുമൊക്കെയായി. പിറന്നാൾ ആഘോഷങ്ങളങ്ങോട്ട് അരങ്ങു തകർക്കലാണല്ലോ!

കേക്കുമുറിക്കുന്നു, അത്‌വാരി മുഖത്തുതേക്കുന്നു. പിറന്നാളാഘോഷകന്റെ തലയിൽ മുട്ട പൊട്ടിച്ചൊഴിക്കുന്നു, ദേഹത്ത് കരി ഓയിൽ, മഞ്ഞൾപൊടി, അരിപൊടി... എന്നിങ്ങനെ പലനിറങ്ങളിലുള്ള അകത്താക്കാനാകുന്നതും അകത്തോട്ട് പ്രവേശനമില്ലാത്തതുമായ പലതരം സാധനങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രയോഗങ്ങൾ. ഇതിപ്പൊ പെട്ടെന്ന് കുറച്ച് നാളുകൾകൊണ്ട് നമ്മൾ മലയാളികൾക്കിടയിൽ രംഗ പ്രവേശനം ചെയ്ത പോലെ... അതും കഴിഞ്ഞ് ആഘോഷകന്റെ ഒരു നന്ദി പ്രകടനവും ഉണ്ടാകും അതിനും സോഷ്യൽ മീഡിയകൾ സാക്ഷി... ഇതിനിടയിൽ കൂട്ടുകാരുടെ വക എന്തെങ്കിലുമൊക്കെ സമ്മാനവും പ്രതീക്ഷിക്കാം. എല്ലാവരുമില്ല, പോക്കറ്റിന്റെ കനം അനുസരിച്ച് മാത്രം. പിന്നെ തീറ്റ കുടി...

ഇതിനിടയിൽ സംഭവിക്കുന്ന ഒരുകാര്യമുണ്ട്. ആര് പിറന്നാൾ ആഘോഷിച്ചാലും കേക്കിന്റെ കാര്യമാണ് കഷ്ടം. പ്രത്യേകിച്ച് നല്ല ക്രീം കേക്കിന്റെ. നല്ല സുന്ദരക്കുട്ടപ്പനായി മേക്കപ്പൊക്കെ ഇട്ട് ചില്ല്കൂട്ടിൽ കേറി ഞെളിഞ്ഞങ്ങനെ ഇരിക്കുമ്പോഴായിരിക്കും പ്രസ്തുത കക്ഷികൾ അങ്ങോട്ട് വന്ന് കാശുകൊടുത്ത് പുള്ളിക്കാരനെ അങ്ങ് വാങ്ങിക്കൊണ്ട് പോകുന്നത്. ഈ ഗഡിയുടെ ജന്മോദ്ദേശം രാജകീയമായി മുറിയപ്പെടുക എന്നതാണ് പക്ഷേ സംഭവിക്കുന്നതോ സിമന്റിനോടു പോലും ഉപമിക്കാനാവാത്തതരത്തിൽ ഉള്ള ദാരുണമായ അന്ത്യം...

അൽപ്പം പുറകിലോട്ട് ചിന്തിച്ചു നോക്കിയാൽ ഒരു കഷണം കേക്കിനുവേണ്ടി ക്രിസ്തുമസ് വരെ കാത്തിരുന്ന ബാല്യകാലം ഉണ്ടായിരുന്നവർ ഇന്നും നമുക്കിടയിൽ ഉണ്ടെന്ന കാര്യം മറക്കണ്ട. അതോ എന്തും വാങ്ങി ഉപയോഗിച്ച് കളയാം എന്ന ലെവലിൽ എത്തിയപ്പോൾ അത്തരം ബാല്യകാലത്തെ നൈസായിട്ട് അങ്ങ് ഒഴിവാക്കിയതോ?...

എല്ലാം കഴിഞ്ഞ് ആഘോഷകനായ പ്രസ്തുത വ്യക്തിയുടെ നന്ദിപ്രകടനം കാണുമ്പോൾ ഈയുള്ളവന് തോന്നാറുള്ള ഒരു ചിന്ത അടിയൻ പകുവെച്ചുകൊള്ളട്ടെ... അതായത് ഒരു പിറന്നാൾ ആഘോഷിക്കാൻ കൂട്ടുനിന്ന എല്ലാവർക്കും നന്ദി പറഞ്ഞു. അത് അതിഗംഭീരമായിത്തന്നെ... നല്ലതു തന്നെ, എന്നാൽ ഏതെങ്കിലുമൊരു പിറന്നാളിന് സ്വന്തം വയറ്റിൽ പത്ത് മാസത്തോളം ചുമന്ന് നടന്ന് താഴെ വച്ചാൽ ഉറുമ്പരിക്കും തലേൽ വച്ചാൽ പേനരിക്കും എന്ന് പറഞ്ഞ് വളർത്തി വലുതാക്കിയ സ്വന്തം അമ്മയോട് തന്നെ വളർത്തി വലുതാക്കിയതിനുള്ള നന്ദി വാക്കുകളോ. താൻ ഈ ഭൂമിയിൽ ജീവിക്കാൻ കാരണമായതിനെ ഓർത്ത് ഒരു ചെറിയ സമ്മാനമോ എന്തെങ്കിലും എന്നെങ്കിലും വാങ്ങി നൽകിയിട്ടുണ്ടോ? മറ്റെല്ലാവരെക്കാളും ഉപരിയായി നന്ദി പറയേണ്ട ഒരാൾ നമ്മുടെ സ്വന്തം അമ്മ തന്നെയല്ലേ? അതു പറഞ്ഞപ്പോ ഈയുള്ളവനും ഇതുവരെ അങ്ങനെ ഒന്നും ചെയ്തില്ലല്ലോ, എന്ന ചോദ്യവും ഉണ്ടാകും ശരിയാണ്. ഈയുള്ളവനും അങ്ങനെ ചെയ്തിട്ടില്ലിതുവരെ. എന്നാൽപ്പിന്നെ നമ്മുക്കൊരുമിച്ച് പുതിയൊരു ചിന്ത അങ്ങോട്ട് പ്രാവർത്തികമാക്കിയാല്ലോ? പിറന്നാളാഘോഷങ്ങളും സുഹൃദ്ബന്ധങ്ങളും ഒക്കെ നല്ലതുതന്നെ എങ്കിലും ഇത്തരം കാര്യങ്ങൾ ഒന്ന് ഓർമ്മപ്പെടുത്തിയെന്നേ ഉള്ളൂ...

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**മാർപാപ്പായ്ക്ക് എതിരേ മെത്രാൻമാർക്കോ മെത്രാൻമാർക്ക് എതിരേ മാർപാപ്പായ്ക്കോ പ്രവർത്തിക്കാനോ പഠിപ്പിക്കാനോ കഴിയുമോ?**

മാർപാപ്പായോടു കൂടെയല്ലാതെ അദ്ദേഹത്തിനെതിരായി പ്രവർത്തിക്കാനോ പഠിപ്പിക്കാനോ മെത്രാൻമാർക്ക് സാധ്യമല്ല. നേരേമറിച്ച് സുനിശ്ചിതവും വ്യക്തവുമായ കാര്യങ്ങളിൽ മെത്രാൻമാരുടെ അംഗീകാരം വാങ്ങാതെപോലും തീരുമാനങ്ങളെടുക്കാൻ മാർപാപ്പായ്ക്കു കഴിയും.

മാർപാപ്പാ തീർച്ചയായും അദ്ദേഹത്തിന്റെ എല്ലാ തീരുമാനങ്ങളിലും സഭയുടെ വിശ്വാസത്താൽ ബന്ധിതനാണ്. വിശ്വാസത്തിന്റെ പൊതുവായ ബോധം പോലുള്ള ഒന്ന് സഭയിലുണ്ട്. അത് വിശ്വാസകാര്യങ്ങളിലുള്ള അടിസ്ഥാനപരമായ അവബോധമാണ്. അത് പരിശുദ്ധാത്മാവിൽ നിന്നു ലഭിക്കുന്നതും സഭ മുഴുവനിലും സന്നിഹിതമായിരിക്കുന്നതുമാണ്. സഭയുടെ സാമാന്യ ബോധം(common sense) എന്നു പറയാം. എന്നും എല്ലായിടത്തും എല്ലാവരും വിശ്വസിച്ചതെന്താണെന്ന് അത് തിരിച്ചറിയുന്നു. (വിൻസെന്റ് ഓഫ് ലെറിൻസ്)

## വിശുദ്ധരുടെ ജീവിതങ്ങൾ.. തുടർച്ച

യുവജനങ്ങളുടെ അവസ്ഥയെപ്പറ്റിയുള്ള ആകാംക്ഷയോടെ കാതറീനാ മാർഗ്ഗരറ്റുകളുടെ അനാഥാലയം ആരംഭിച്ചു. പിന്നീട് ഒരു ഗ്രന്ഥശാലയും മറ്റു ഭവനങ്ങളും നേപ്പിൾസിൽ തുടങ്ങി. സഭാംഗങ്ങൾ കോളറാബാധിച്ചവരെ ശുശ്രൂഷിച്ചതു വഴി പ്രശസ്തരായി. 1884 മെയ് 14 ന് നേപ്പിൾസിലെ പുതിയമെത്രാപ്പോലീത്താ തന്റെ സ്ഥാപനങ്ങളുടെ മാതൃഭവനത്തിനടുത്ത് കാതറീനാ പണികഴിപ്പിച്ച തീർത്ഥാടന ദേവാലയം ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ചു. 1891 ൽ നവംബർ 19 മുതൽ 22 വരെ നേപ്പിൾസിൽ ആഘോഷിച്ച ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിൽ കാതറീനായുടെ പങ്കാളിത്തം തിരുഹൃദയത്തിന്റെ ദാസിമാരുടെ സ്ഥാപകയുടെ അപ്പസ്തോലികതയെ കിരീടമണിയിച്ചു.

തന്റെ ജീവിതം സഭയ്ക്കും പരിശുദ്ധ പിതാവിനും സമർപ്പിച്ചു കൊണ്ട് കാതറീനാ 1894 ഡിസംബർ 24 ന് നേപ്പിൾസിൽ വച്ചു നിര്യാതയായി. 2009 ാം ഏപ്രിൽ 26 ാം തിയതി ബനഡിക്റ്റ് 16 ാമൻ പാപ്പാ കാതറീനായെ വിശുദ്ധരുടെ പട്ടികയിൽ ചേർത്തു.

### ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

**“കർത്താവ് ആത്മാവാണ്;**

**കർത്താവിൻെറ ആത്മാവുള്ളിടത്തു സ്വാതന്ത്ര്യമുണ്ട് ”** (2 കോറി. 3:17)

## ഇടയ സന്ദർശനം

# ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം മുറുകെ പിടിക്കുക. ബിഷപ്പ്. പോൾ ഹിന്റർ



ഈ രാജ്യത്ത് ജീവിക്കാൻ നമുക്ക് ഐ ഡി കാർഡ് ആവശ്യമാണ്. ഏതൊരാവശ്യത്തിനും എന്തു പ്രശ്നമുണ്ടായാലും തെളിവായിട്ട് ഗവൺമെന്റ് ആവശ്യപ്പെടുന്നത് ഐ ഡി കാർഡ് ആണ്. അതുപോലെത്തന്നെ ഒരു ഉത്തമ ക്രിസ്ത്യാനിയായി ജീവിക്കാൻ നമുക്കുവേണ്ട ഐഡന്റിറ്റി ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസമാണ്. ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതിന്റെ ഉദ്ദേശം തന്നെ തന്റെ ഐഡന്റിറ്റി (ഉത്ഥാനം) വെളിവാക്കുക എന്നതായിരുന്നു. ഇടവക സന്ദർശനത്തിന്റെ ഭാഗമായി ദുബായ് സെന്റ് മേരീസ് കത്തോലിക്കാ ദേവാലയത്തിൽ മലയാളം കമ്മ്യൂണിറ്റിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ്പ് പോൾ ഹിന്റർ.

ക്രിസ്തുശിഷ്യന്മാർ ക്രിസ്തുവിൽ അർപ്പിച്ചിരുന്ന വിശ്വാസത്തെ പോലെത്തന്നെ നാമോരുത്തരും ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് ഭയം കൂടാതെ ജീവിക്കണം. തോമാസ് ശ്ലീഹായോട് അവിടുന്ന് പറഞ്ഞു: "നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക." (യോഹ. 20:27).

ഭയന്ന് കഴിഞ്ഞിരുന്ന ശിഷ്യൻമാർക്ക് പ്രത്യക്ഷപ്പെടുന്ന ഉത്ഥിതൻ അവർക്ക് തന്റെ സമാധാനം ആശംസിക്കുന്നു. "ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യൻമാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ, യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം!"(യോഹ 20:19). ഉത്ഥാനം ചെയ്ത ക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിന്റെ മുഖമുദ്ര. ഈ ലോകജീവിതത്തിന്റെ പ്രതിസന്ധികളെയും സഹനങ്ങളെയും അതിജീവിക്കാൻ ഉത്ഥിതനിലുള്ള വിശ്വാസം നമ്മെ ശക്തിപ്പെടുത്തണം. ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം വഴി നമുക്ക് ലഭിക്കുന്ന സമാധാനം നാം എപ്പോഴും ഹൃദയത്തിൽ കൊണ്ടു നടക്കുകയും തലമുറകൾക്ക് കൈമാറുകയും ചെയ്യണം. ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് കൈമാറിയതുപോലെ.

ദുബായ് സെന്റ് മേരീസ് കത്തോലിക്കാ ദേവാലയത്തിൽ വിവിധ കമ്മ്യൂണിറ്റികൾ ഒന്നുചേർന്ന് ഏകമനസ്സോടെ ദൈവാരാധനയിൽ പങ്കുചേരുന്നതിനെയും പരസ്പരം സഹായിക്കുന്നതിനെയും പോൾ ഹിന്റർ പിതാവ് പ്രശംസിച്ചു.

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുന്നതാണ്. (താല്പര്യമുള്ള ആർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്).

## യു.എ.ഇ. നാഷ്ണൽ ടീം

ഏപ്രിൽ 13, 14 തിയതികളിൽ അലൈനിൽ വച്ചു നടന്ന യു.എ.ഇ. നാഷ്ണൽ അസംബ്ളിയിൽ അടുത്ത 3 വർഷക്കാലത്തേക്കുള്ള നാഷ്ണൽ കൗൺസിൽ തിരഞ്ഞെടുക്കപ്പെട്ടു. പുതിയ അംഗങ്ങൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ..

**ചാപ്ലിൻ**

ഫാ.സ്റ്റാലിൻ വർഗ്ഗീസ്

**ആനിമേറ്റേഴ്സ്**

ബിജോയ് ചെറിയാൻ

ബിജു.കെ.ജെ

**കൗൺസിൽ അംഗങ്ങൾ**

1. സാജൻ ജൂലിയസ് (കോ-ഓർഡിനേറ്റർ)
2. റിജോ ജോൺ (അസി. കോ-ഓർഡിനേറ്റർ)
3. പ്രദീപ് മാൽക്കാനി
4. ക്രിസ് ജോസ്
5. അബ്രഹാം ജോസഫ്
6. അനുജ ബൈജു
7. ഷിൻജോ ജോസ്
8. അനീഷ് ജോസഫ്
9. ജോജിമോൻ ജോസഫ്

## കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസ്ട്രിയോട് ഒന്നുചേർന്ന് നമുക്ക് പ്രവർത്തിക്കാം.. Contact : 056 789 3331, 055 741 2253

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## കോർഡിനേറ്റേഴ്സ്

**ഫാമിലി - സെബാസ്റ്റ്യൻ ജോൺ - 050 3986934**
**ഫോർമേഷൻ -റോജി 055 6519401**

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

## നിങ്ങൾക്കറിയാമോ?

### ദൈവാലയഘടന

**ഹൈക്കല:** ആരാധനാ സമൂഹം നിൽക്കുന്ന സ്ഥലം. ഭൂമിയുടെ പ്രതീകം.

**സങ്കീർത്തി:** വൈദികർക്കും ശുശ്രൂഷികൾക്കും തിരുവസ്ത്രങ്ങൾ അണിയുവാനുള്ള സ്ഥലം




FOR PRIVATE CIRCULATION (WITH IN CHURCH COMPOUND) ONLY

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Joby Joseph for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Sebastian Dcruz
**Editor** : Jobin Augustine **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net

Jesus Youth
DUBAI